• റിപ്പോർട്ട്

# മലിനീകരണത്തിനെതിരെ വിജയകരമായ സമരം

## കേരള ലൈവ്സ്റ്റോക്ക് ഡവലെപ്മെന്റ് ബോർഡു നടത്തുന്ന മലിനീകരണത്തിനെതിരെയുള്ള കൈനൂർ നിവാസികളുടെ സമരം കൺവീനർ സി. ശിവദാസ് വിശദീകരിക്കുന്നു.

**തൃശൂർ** ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിലായി സ്ഥിതിചെയ്യുന്ന അയ്യമ്പിള്ളി കുന്നിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പന്നി പ്രജനന കേന്ദ്രം ഉണ്ടാക്കുന്ന രൂക്ഷമായ മലിനീകരണത്തെക്കുറിച്ചും അതുമൂലം സമീപപ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുമുള്ള വാർത്തകൾ നമ്മൾ കേട്ടു തുടങ്ങിയിട്ട് നാളുകളേറെയായി.

1996-ൽ 26 നാടൻ പന്നികളുമായാണ് പന്നി പ്രജനന കേന്ദ്രം ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്നത്. പിന്നീട് 1999-ൽ മേൽപ്പറഞ്ഞ പന്നികളെ വിറ്റഴിച്ച് 96 ബ്രിട്ടീഷ് പന്നികളുമായി വീണ്ടും ബൃഹത്തായ രീതിയിൽ പുനരുദ്ഘാടനവും നടന്നു. കൃഷിമന്ത്രി, എം.എൽ.എ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തുടങ്ങിയ പ്രമുഖർ പങ്കെടുത്ത ഉദ്ഘാടനമേളയിൽ നിർദ്ധനരും പട്ടികജാതി വിഭാഗക്കാരുമായ നാട്ടുകാർക്ക് തൊഴിൽ വാഗ്ദാനവും നടത്തിയിരുന്നു. എന്നാൽ വാഗ്ദത്ത തൊഴിൽ ലഭിച്ചില്ലെന്നു മാത്രമല്ല, ഈ പ്രദേശമാകെ ഗുരുതരമായ മലിനീകരണത്തിന്റെ പിടിയിലമരുകയാണ് ചെയ്തത്.

കേരള വനംവകുപ്പിന്റെ കൈവശമുള്ള അയ്യമ്പിള്ളി കുന്നിൽ 1993-ൽ തരിശുഭൂമി വികസന പദ്ധതിയുടെ ഭാഗമായി കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും തരിശുഭൂമി വികസന അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ 50000 വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയും ഈ പ്രദേശത്തിന്റെ നീർത്തടാധിഷ്ഠിത വികസനം സാധ്യമാക്കുന്നതിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. ഇപ്രകാരം വനവൽക്കരണം നടത്തി ലഭ്യമാക്കുന്ന വനവിഭവങ്ങളിൽ നിന്നുള്ള ആദായത്തിന്റെ ഒരു നിശ്ചിതശതമാനം ജനങ്ങൾക്കും പഞ്ചായത്തിനും വീതിച്ചെടുക്കാമെന്ന വ്യവസ്ഥയോടെയായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. പക്ഷെ ഈ പ്രോജക്റ്റ് പ്രാവർത്തികമാവാൻ മാസങ്ങൾ മാത്രമുള്ളപ്പോഴാണ് പദ്ധതിയിൽ ഉൾപ്പെട്ട 39.67 ഹെക്ടർ ഭൂമി ജനങ്ങളോ പഞ്ചായത്തോ പോലും അറിയാതെ കെ.എൽ.ഡി. ബോർഡിനു കൈമാറിയത്. 40.000 ഓളം വിലപിടിച്ച വൃക്ഷങ്ങൾ വെട്ടിമാറ്റി ജനങ്ങളെ പ്രലോഭിപ്പിച്ച് സ്ഥാപിച്ച പ്രജനന കേന്ദ്രമാണ് നാടിനും നാട്ടുകാർക്കും ശാപമായിത്തീർന്നിരിയ്ക്കുന്നത്. ഗ്രാമപഞ്ചായത്ത് വാർഡുമെമ്പർ മുതൽ നാടുഭരിക്കുന്ന മുഖ്യമന്ത്രി വരെയുള്ളവരോട് പരാതിപ്പെട്ടിട്ടും പന്നിക്കുഞ്ഞുങ്ങളുടെ വിലപോലും മനുഷ്യന് കൽപ്പിക്കാത്ത കെ.എൽ.ഡി. ബോർഡ് അധികൃതരുടെ ഭാഷ്യങ്ങൾക്ക് ആരാണ് ഉത്തരം നൽകേണ്ടത്. ഈ പന്നിഫാമിൽനിന്നും കാര്യമായ സാമ്പത്തികലാഭമൊന്നും സർക്കാരിനു ലഭ്യമാകുന്നില്ലെന്നിരിക്കെ എന്തിനാണീ സ്ഥാപനം ? ഫാമിന്റെ പ്രവർത്തനം "സമൂഹത്തിന്റെ ഫിസിക്കൽ കംഫർട്ടിന് ഹാനികരമായിരിയ്ക്കുന്നു"വെന്ന് തൃശൂർ തഹസിൽദാർ ആർ.ഡി.ഒ. യ്ക്ക് 18-9-2004 ൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു; ഒരു വർഷത്തോളം മുമ്പ്.

പന്നി പ്രജനനകേന്ദ്രം സൃഷ്ടിക്കുന്ന മലിനീകരണത്തെക്കുറിച്ച് ജനകീയ അന്വേഷണ കമ്മീഷൻ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ നിഗമനങ്ങൾ ഇവയാണ് -

1. തരിശ് ഭൂമി വികസന പദ്ധതിയുടെ ഭാഗമായി ജനപങ്കാളിത്തത്തോടെ 50000 വൃക്ഷത്തൈകൾ വെച്ചു പിടിപ്പിച്ച അയ്യമ്പിള്ളി കുന്ന് ജനങ്ങളും ഗ്രാമപഞ്ചായത്തും അറിയാതെ കെ.എൽ.ഡി. ബോർഡിന് കൈമാറിയതിൽ ദുരൂഹതയുണ്ട്.

2. തരിശ്ഭൂമി വികസനപദ്ധതിയിൽ വനവിഭവങ്ങളിൽ നിന്നുള്ള ആദായത്തിന്റെ നിശ്ചിത ശതമാനം ജനങ്ങൾക്കും പഞ്ചായത്തിനും നൽകാതെ പദ്ധതി പൂർത്തിയാവാൻ മാസങ്ങൾ മാത്രം ബാക്കിനിൽക്കെ നല്ലൊരു ജനകീയ പദ്ധതിയെ തകിടം മറിച്ചതിലും ദുരൂഹത നിറഞ്ഞു നിൽക്കുന്നു.

3. അയ്യമ്പിള്ളി കുന്നിലുണ്ടായിരുന്ന 40000 ത്തോളം വില പിടിപ്പുള്ള വൃക്ഷങ്ങൾ മുൻധാരണയ്ക്ക് വിരുദ്ധമായി കെ.എൽ.ഡി. ബോർഡ് ഉദ്യോഗസ്ഥർ മുറിച്ചു മാറ്റിയതിലൂടെ വൻ അഴിമതി നടന്നതായും സംശയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ട് വെളിച്ചം കാണാതെ പോയതിലും ദുരൂഹത ഏറെയുണ്ട്.

4. "ഇന്റർനാഷണൽ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള മലിനീകരണ നിയന്ത്രണ-ശുചിത്വ സംവിധാനങ്ങൾ ഫാമിൽ ഏർപ്പെടുത്തിയിട്ടുണ്ട്" എന്ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അവകാശപ്പെടുമ്പോഴും, പ്രത്യക്ഷത്തിൽ മലിനീകരണ നിയന്ത്രണത്തിനോ ശുചിത്വ സംവിധാനത്തിനോ കാര്യമായി എന്തെങ്കിലും ചെയ്തതായി കമ്മീഷൻ അംഗങ്ങൾക്ക് കാണാൻ സാധിച്ചില്ല. ഇതിന്റെ പേരിലും വ്യാപകമായ അഴിമതികൾ നടന്നിട്ടുണ്ടാകാമെന്ന് കമ്മീഷൻ അംഗങ്ങൾ സംശയിക്കുന്നു.

5. രൂക്ഷമായ മലിനീകരണ സാദ്ധ്യതയുള്ള പന്നി പ്രജനന കേന്ദ്രത്തിന് കുന്നിൻ പുറത്ത് സ്ഥലം കണ്ടെത്തിയത് യാതൊരുവിധ പരിസ്ഥിതി ആഘാതപഠനവും നടത്താതെയാണെന്ന് മനസ്സിലാകുന്നു.

6. ഈ കേന്ദ്രത്തിന്റെ പ്രവർത്തനം യാതൊരുവിധ ഗുണവും ഈ പ്രദേശത്തെ ജനങ്ങൾക്ക് നൽകുന്നില്ല. മറിച്ച് അതിരൂക്ഷമായ മലിനീകരണത്തിന്റെ കഷ്ടതകൾ ജനങ്ങൾ ഏറ്റുവാങ്ങേണ്ടിയും വന്നിരിക്കുന്നു.

7. മലിനീകരണ നിയന്ത്രണബോർഡിന്റേയും ഡി.എം.ഒ. യുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനം അടച്ചു പൂട്ടാൻ ഉത്തരവിട്ട ആർ.ഡി.ഒ. യുടെ നടപടി പ്രാവർത്തികമാക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടിരിക്കുന്നു.

8. ജനങ്ങൾക്ക് കുടിവെള്ളത്തിനും ആരോഗ്യത്തിനും ഭീഷണിയായി നിലനിൽക്കുന്ന ഫാം അടച്ചു പൂട്ടാനുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നടപ്പിലാക്കാതിരിയ്ക്കുന്ന സർക്കാരിന്റെ നടപടി പഞ്ചായത്ത് രാജ് നിയമത്തെ അവഹേളിക്കുന്നതും അതിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമാണെന്ന് കമ്മീഷൻ അംഗങ്ങൾ കണ്ടെത്തുന്നു.

പി.യു.സി.എൽ. സംസ്ഥാന പ്രസിഡണ്ട് അഡ്വ. പി.എ. പൗരൻ (ചെയർമാൻ), കേരളസർവ്വോദയമണ്ഡലം ജനറൽ സെക്രട്ടറി ശ്രീ. പി.ആർ. നാഥ്, ഏകതാ പരിഷത്ത് സംസ്ഥാന കോർഡിനേറ്റർ ശ്രീ. പുതുശ്ശേരി ശ്രീനിവാസൻ, സുദിനം പത്രാധിപർ അഡ്വ. മധുമേനോൻ എന്നിവരായിരുന്നു കമ്മീഷനംഗങ്ങൾ.

അഴിമതി നടത്തുന്നതിനും സ്വാർത്ഥമോഹങ്ങൾക്കുവേണ്ടി ഒരു ജനതയെ തന്നെ വിഡ്ഢികളാക്കാനുമുള്ള ഉദ്യോഗസ്ഥ മേധാവിത്തത്തെ ചെറുത്തു തോൽപ്പിയ്ക്കേണ്ടതുണ്ട്. സർക്കാരിന് ഇതിനായില്ലെങ്കിൽ ജനങ്ങളും പഞ്ചായത്തും മേൽസ്ഥാപനം അടച്ചുപൂട്ടുകയാണ് വേണ്ടത്.

*കൈനൂർ പി.ഒ., തൃശൂർ. 0487-2316392*